**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **05-08-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ സമ്പാദ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ജനങ്ങളിൽ മിതവ്യയവും സമ്പാദ്യശീലവും വളർത്തുകയും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണം നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ നിലവിൽ ഏകദേശം 9000 ഏജന്റുമാർ പ്രവർത്തിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 3200 കോടി രൂപ മിച്ചനിക്ഷേപമായി സമാഹരണം നടത്തുവാൻ തീരുമാനിക്കുകയും 3385.64 കോടി രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 5 വർഷകാലയളവിലും നിക്ഷേപ സമാഹരണത്തിൽ ക്രമാനുക്രമമായ വർദ്ധനവ് നേടിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. വർഷം നിക്ഷേപ സമാഹരണം(തുക കോടിയിൽ) 2015-16 1208.3 2016-17 1605.21 2017-18 2814.37 2019-20 3139.10 |
| (ബി) | ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന വിഹിതം എത്ര ശതമാനമാണ്; ഈ സാമ്പത്തിക വർഷം എത്ര രൂപ അതിനായി ചെലവഴിച്ചിട്ടുണ്ട്; | (ബി) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ഏജന്റുമാർ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്ന വിഹിതത്തിന്റെ പകുതി (50%) ആണ് സർക്കാർ വിഹിതം. നടപ്പ് സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി വകയിരുത്തിയിരുന്ന 65 ലക്ഷം രൂപയിൽ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര കാലയളവിലെ കുടിശ്ശിക ഒടുക്കാനുണ്ടെന്ന് അറിയിക്കാമോ? | (സി) | നിലവിൽ സർക്കാർ വിഹിതത്തിൽ കുടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ